"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ഈഞ്ചക്കൽ ശ്രീവരാഹം അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 2 8 A പ്രകാരമുള്ള അപേക്ഷയിൽ കക്ഷിയായ ശ്രീ.എസ്.മോഹനൻ മരണപ്പെട്ടു പോയതിനാൽ അദ്ദേഹത്തിന്റെ നിയമാനുസൃത അവകാശികളായ ശ്രീമതി.കെ.കുമാരി, ശ്രീമതി.ദീപ.കെ എന്നിവർക്ക് അനുവദിച്ച തുക "4217-60-800-93 (Plan) " എന്ന ശീർഷകത്തിൽ നിന്നും റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.992/2024/LSGD തീയതി,തിരുവനന്തപുരം, 07-06-2024

---

പരാമർശം:-

1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 29.04.2023ലെ എസ്സ്1/909/2021/ട്രിഡ(1) നമ്പർ കത്ത്
2. സ.ഉ.(സാധാ) നം. 315/2024/തസ്വഭവ തീയതി 7/2/2024
3. സ.ഉ.(സാധാ) നം. 3434/2024/ധന തീയതി 17/4/2024

**<u>ഉത്തരവ്</u>**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ഈഞ്ചക്കൽ ശ്രീവരാഹം അട്ടക്കുളങ്ങര റോഡ് വികസനത്തിലേക്കായി ട്രിഡ അർത്ഥനാധികാരിയായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നും വില നിയമം സെക്ഷൻ 28 എ പ്രകാരം കക്ഷിയായ ശ്രീ.എസ്.മോഹനൻ മരണപ്പെട്ടു പോയതിനാൽ അദ്ദേഹത്തിന്റെ നിയമാനുസൃത അവകാശികളായ ശ്രീമതി.കെ.കുമാരി, ശ്രീമതി.ദീപ കെ.യ്ക്ക് എന്നിവർ സമർപ്പിച്ച അപേക്ഷയിൽ (LAR 58/2009) തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 9,68,943/- രൂപ (ശ്രീമതി.കെ.കുമാരിയ്ക്ക് 4,84,472/-രൂപയും ശ്രീമതി.ദീപ കെ.യ്ക്ക് 4,84,471/-രൂപയും) അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം ട്രിഡ സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2 ) ഈഞ്ചക്കൽ-ശ്രീവരാഹം-അട്ടക്കുളങ്ങര റോഡ് വികസനത്തിന് ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നും വില നിയമം സെക്ഷൻ 28എ പ്രകാരമുള്ള അപേക്ഷയിന്മേൽ തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 9,68,943/- രൂപ കക്ഷിയായ ശ്രീ.എസ്.മോഹനൻ മരണപ്പെട്ടു പോയതിനാൽ അദ്ദേഹത്തിന്റെ നിയമാനുസൃത അവകാശികളായ ശ്രീമതി.കെ.കുമാരി, ശ്രീമതി.ദീപ കെ.യ്ക്ക് എന്നിവർക്ക് അനുവദിക്കുന്നതിന് പരാമർ ശം ( 2 ) പ്രകാരം ഭരണാനുമതി നൽകി പരാമർശം ( 3 ) പ്രകാരം അധിക ധനാനുമതിയായി 969000/- രൂപ "4217-60-800-93 (Plan) " എന്ന ശീർഷകത്തിൽ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധികധനാനുമതിയുടെയും അടിസ്ഥാനത്തിൽ ഈഞ്ചക്കൽ ശ്രീവരാഹം അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി ഏറ്റെടുത്ത തിരുവനന്തപുരം താലൂക്കിൽ മുട്ടത്തറ വില്ലേജിൽ സർവ്വേ നം. 2058/1-16 2( LA Sy No.2058/4) ഉൾപ്പെട്ട 00.14 ആർ സ്ഥലത്തിന് കക്ഷിയായ ശ്രീ.എസ്.മോഹനൻ മരണപ്പെട്ടു പോയതിനാൽ അദ്ദേഹത്തിന്റെ നിയമാനുസൃത അവകാശികളായ ശ്രീമതി.കെ.കുമാരി (4,84,472/- രൂപയും), ശ്രീമതി.ദീപ (4,84,471/-രൂപയും) (T.C.36/1376, J.P. Nagar, Perunthanni, Vallakkadavu) എന്നിവർക്ക് അവാർഡ് തുകയായ 9,68,943/- രൂപ (ഒൻപത് ലക്ഷത്തി അറുപത്തി എണ്ണായിരത്തി തൊള്ളായിരത്തി നാൽപത്തി മൂന്ന് രൂപ മാത്രം) "4217-60-800-93 (Plan)" എന്ന ശീർഷകത്തിൽ നിന്നും റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. പരാമർശം (3) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിനുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി നഗരകാര്യ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, ട്രിഡ
ജില്ലാ കളക്ടർ, തിരുവനന്തപുരം
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം
ശ്രീമതി. കെ. കുമാരി & ശ്രീമതി ദീപ കെ. T.C.36/1376, J.P. Nagar, Perunthanni, Vallakkadavu
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനക്കുന്ന്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി.എസ്.എസ്.എ/
ഇ.ആർ.എസ്.എ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ധനവകുപ്പ് (WCD-3/38/2024-FIN E 2439225 dated 19/4/2024)
കരുതൽ ഫയൽ / ഓഫീസ് കോപ്പി (IA2/62/2023/LSGD)

ഉത്തരവിൻ പ്രകാരം
Signed by
Vijitha M B
Date: 07-06-2024 13:16:39
സെക്ഷൻ ഓഫീസർ